**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4334** 12-11-2019-ൽ മറുപടിക്ക്

**ഉത്തരവാദിത്ത ടൂറിസം പദ്ധതികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി. ഷാനിമോൾ ഉസ്മാൻ** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | ഉത്തരവാദിത്ത ടൂറിസം പദ്ധതികൾ വിപുലീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ആദ്യഘട്ടങ്ങളിൽ ചില പ്രത്യേക ടൂറിസം കേന്ദ്രങ്ങൾ മാത്രം കേന്ദ്രീകരിച്ച് നടപ്പിലാക്കിയിരുന്ന ഉത്തരവാദിത്ത ടൂറിസം പ്രവർത്തങ്ങൾ സംസ്ഥാന വ്യപകമാക്കുവാൻ സർക്കാർ തീരുമാനിക്കുകയും സംസ്ഥാനത്തെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി 2017 ജൂൺ മാസത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിക്കുകയും മിഷൻ പ്രവർത്തങ്ങൾ വിജയകരമായി നടന്നു വരികയും ചെയ്യുന്നു. |
| (ബി) | ഉത്തരവാദിത്ത ടൂറിസം പദ്ധതികളിലൂടെ കർഷകർക്കും തൊഴിലാളികൾക്കും വീട്ടമ്മമാർക്കും വരുമാനം നേടുവാൻ കഴിയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉത്തരവാദിത്ത ടൂറിസം മിഷന്റെ എല്ലാ പ്രവർത്തങ്ങളും കർഷകർ, തൊഴിലാളികൾ, വീട്ടമ്മമാർ എന്നിങ്ങനെ തദ്ദേശീയ ജന സമൂഹത്തിലെ സാധാരണക്കാരായ ആളുകളെ പ്രത്യക്ഷമായോ പരോക്ഷമായോ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് തൊഴിലും വരുമാനവും ലഭ്യമാക്കുക എന്നുള്ളതാണ്. അതിനായി അവർ ചെയ്തുകൊണ്ടിരിക്കുന്ന ഉപജീവന മാർഗത്തെ അധിക മുതൽ മുടക്കില്ലാതെ എങ്ങിനെ ടൂറിസം മേഖലയുമായി ബന്ധിപ്പിക്കാം എന്നുള്ളത് പരിശോധിച്ച ശേഷം ആവശ്യമായ പരിശീലനങ്ങൾ നൽകി അവരെ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് അധിക വരുമാനം ഉറപ്പ് വരുത്തുന്നു. അതോടൊപ്പം തന്നെ വിവിധ ടൂറിസം സംരഭകർക്കാവശ്യമായ ഉൽപ്പന്നങ്ങളും സേവനങ്ങളും നല്കുന്നതിനുള്ള പരിശീലനങ്ങൾ നൽകി, അവരെ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് തൊഴിലും വരുമാനവും ഉറപ്പ് |

| | | | |
|---|---|---|---|
| | | | വരുത്തുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. താഴെ പറയുന്നവയെല്ലാം ആർ.ടി. മിഷന്റെ ഇത്തരത്തിലുള്ള പദ്ധതികളിൽ ചിലതാണ്<br>1. എക്സ്പ്പീരിയൻസ് എത്തിക് കൂസീൻ<br>2. എക്സ്പീരിയൻസ് ടൂർ പാക്കേജസ്<br>3. നാട്ടിൻപുറങ്ങളിൽ ഓണമുണ്ണാം ഓണ സമ്മാനങ്ങൾ വാങ്ങാം<br>4. ആർ.ടി. ആർട്ട് ആൻഡ് കൾച്ചറൽ ഫോറം<br>5. കേരള ആർ.ടി. നെറ്റ് വർക്ക്<br>6. ഹ്യൂമൻ റിസോഴ്സ് ഡയറക്ടറി മുതലായവ |
| (സി) | ഉത്തരവാദിത്ത ടൂറിസം മിഷൻ സ്ഥാപിച്ചതിലൂടെ ഗ്രാമീണ ടൂറിസം മേഖലയിൽ ഉണർവ് ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനങ്ങൾ പ്രധാനമായും ഗ്രാമീണ മേഖലയിലെ സാധാരണക്കാരായ ആളുകളെ പ്രത്യക്ഷമായോ പരോക്ഷമായോ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് തൊഴിലും വരുമാനവും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയുള്ളതാണ്. അതിനായി അവർ ചെയ്തുകൊണ്ടിരിക്കുന്ന ഉപജീവന മാർഗത്തെ അധിക മുതൽ മുടക്കില്ലാതെ എങ്ങനെ വിനോദ സഞ്ചാരികൾക്ക് അനുഭവ വേദ്യമായ ടൂർ പാക്കേജുകളാക്കി മാറ്റാം എന്ന് പരിശോധിച്ച ശേഷം ആവശ്യമായ പരിശീലങ്ങൾ നൽകി എക്സ്പ്പീരിയൻസ് ടൂർ പാക്കേജുകൾ തയ്യാറാക്കി വിവിധ മാധ്യമങ്ങളിലൂടെ മാർക്കറ്റ് ചെയ്യുന്നു. ഇത്തരത്തിലുള്ള 140 പാക്കേജുകൾ നിലവിൽ ആർ.ടി. മിഷൻ രൂപീകരിച്ചിട്ടുണ്ട്. മിഷൻ നിലവിൽ വന്നു പ്രവർത്തനങ്ങൾ ആരംഭിച്ച 2017 ആഗസ്റ്റ് മാസം മുതൽ 2019 ഒക്ടോബർ 31 വരെ ആകെ 870 പക്കേജുകൾ നടത്തിയപ്പോൾ 58000 വിദേശ ടൂറിസ്റ്റുകളും 26032 ഡൊമസ്റ്റിക് ടൂറിസ്റ്റുകളും ഈ പാക്കേജുകളുടെ ഭാഗമായി കേരളത്തിലെ തെരെഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളിൽ എത്തി. അതുവഴി 2 കോടി രൂപയുടെ വരുമാനം തീർത്തും സാധാരണക്കാരായ പരമ്പരാഗത തൊഴിലാളികൾക്ക് ലഭിച്ചു. ഇവർ സ്വന്തം കൈതൊഴിലല്ലാതെ മാറ്റൊന്നും ടൂറിസത്തിന് വേണ്ടി നിക്ഷേപം നടത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| | | | അതോടൊപ്പം തന്നെ ടൂറിസം സംരഭകർക്കാവശ്യമായ ഉൽപ്പന്നങ്ങളും സേവനങ്ങളും നല്കുന്നതിനുള്ള പരിശീലങ്ങൾ തദ്ദേശീയരായ ജനങ്ങൾക്ക് നൽകി, അവരെ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ചു തൊഴിലും വരുമാനവും ഉറപ്പു വരുത്തുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**